(ബി) 140

(സി) ഇല്ല.

(ഡി) അന്തിമ തീരുമാനം ആയിട്ടില്ല.

(ഇ) അസംബ്ലി-ലോക്സഭാ മണ്ഡലങ്ങളുടെ പുനർനിർണ്ണയം സംബന്ധിച്ച് പുതിയ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ല.

(എഫ്) 1. നിലവിലുള്ള പോളിംഗ് ബൂത്തുകളിൽ വോട്ടർമാർക്കുള്ള അസൗകര്യം കുറയ്ക്കുന്നതിന് പോളിംഗ് സ്റ്റേഷൻ അതിർത്തി പുനഃക്രമീകരിക്കുക.

2. ഓരോ പോളിംഗ് സ്റ്റേഷനിലും പരമാവധി 1500 വരെ വോട്ടർമാരെ ഉൾപ്പെടുത്തി പുനഃക്രമീകരിക്കുക.

3. വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നതുമൂലവും ഓരോ പോളിംഗ് സ്റ്റേഷനുകളിലെ വോട്ടർമാരുടെ എണ്ണം വർദ്ധിക്കുന്നതു കണക്കിലെടുത്തും പോളിംഗ് ബൂത്തുകളുടെ എണ്ണം കുറയ്ക്കുക.

(ജി) കരട് പ്രസിദ്ധീകരണത്തിനുശേഷം ആഗസ്റ്റ് 11-ന് നിർദ്ദേശങ്ങൾ കമ്മീഷനിൽ നല്കേണ്ടതാണ്.

സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും

6 (*2957) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വാങ്ങുന്നവർക്ക് മെഡിക്കൽ റീം ഇംബേഴ്സ്മെന്റ് ആനുകൂല്യം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ ആനുകൂല്യം ലഭ്യമാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷനോടൊപ്പം ക്ഷാമബത്ത ലഭ്യമാക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ക്ഷാമബത്ത അനുവദിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 14-6-1979-ലെ ആരോഗ്യ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം. 109/79 പ്രകാരം സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വാങ്ങുന്ന സ്വാതന്ത്ര്യസമര സേനാനികൾ ജീവിച്ചിരിക്കുമ്പോൾ അവർക്കും അവരുടെ ആശ്രിതരായ രക്ഷിതാക്കൾ, ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ, എന്നിവർക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയ്ക്കോ ടി ചികിത്സയ്ക്ക് ചെലവായ തുക റീം ഇംമ്പേഴ്സ് ചെയ്യുന്നതിനോ വ്യവസ്ഥയുണ്ട്.

എന്നാൽ പെൻഷൻ വാങ്ങിയിരുന്ന സ്വാതന്ത്ര്യസമര സേനാനി മരണമടയുന്ന സാഹചര്യത്തിൽ, ടിയാളുടെ ഭാര്യയ്ക്ക്/ഭർത്താവിന് മാത്രമേ മേൽ ആനുകൂല്യത്തിന് (28-6-2003-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം. 113/03/ആകു.ക്ഷേ.വ. പ്രകാരം) വ്യവസ്ഥയുള്ളൂ.

(ഡി) സ്വാതന്ത്ര്യസമര സേനാനി സംസ്ഥാന പെൻഷനോടൊപ്പം 7% (ഏഴ്) ക്ഷാമബത്ത നൽകി വരുന്നു.

(ഇ) ബാധകമല്ല.

മാറാട് പ്രദേശത്ത് സമാധാനം പുനഃസ്ഥാപിക്കാനുള്ള നടപടികൾ

7. (2958) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. പി. ജയരാജൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി മാറാട് പ്രദേശത്ത് സമാധാനം പുനഃസ്ഥാപിക്കുവാനും വീടൊഴിഞ്ഞുപോയ കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനു തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) മാറാട് പ്രദേശത്ത് സമാധാനം പുനഃസ്ഥാപിക്കുവാൻ നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയുടെ ചുമതലകൾ എന്തൊക്കെയാണ് ; പ്രസ്തുത ചുമതല നിറവേറ്റാൻ ഉപസമിതിക്ക് കഴിഞ്ഞിട്ടുണ്ടോ ;

(ഡി) മന്ത്രിസഭാ ഉപസമിതി വിളിച്ചുകൂട്ടിയ യോഗത്തിൽ പങ്കെടുക്കാത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളോ മറ്റു സംഘടനാപ്രതിനിധികളോ ഉണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ മുൻകൈയെടുത്ത് പുനരധിവസിപ്പിച്ച കുടുംബങ്ങളെ തിരിച്ചയച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാറാട് പ്രദേശത്ത് ഇപ്പോൾ സമാധാനാന്തരീക്ഷം നിലനിൽക്കുന്നു. ഒഴിഞ്ഞുപോയ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly